"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച ശാന്തമ്മ ജെ.-യുടെ മകൻ ശ്രീ.അഖിൽ എസ്.-ന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.5/2024/AYUSH തീയതി, തിരുവനന്തപുരം, 15-02-2024

---

പരാമർശം:-
(1) 24.05.1999-ലെ സ.ഉ.(പി) നം.12/99/ഉഭപവ

(2) 26.09.2014-ലെ സ.ഉ.(പി) നം.33/2014/ഉഭപവ

(3) ശ്രീ.അഖിൽ എസ്.-ന്റെ 27.02.2020-ലെ അപേക്ഷ.

(4) പത്തനംതിട്ട ജില്ലാ കളക്ടറുടെ 26.02.2022-ലെ ഡിസിപിറ്റിഎ/1070/2021-എസ്4 - നമ്പർ കത്ത്.

(5) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 30.03.2022-ലെ ഡി.എച്ച്.റ്റി.വി.എം./121/2021/ഇഎ2 - നമ്പർ കത്ത്.

(6) പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 10.01.2024-ലെ എസ്.ഡി2/2/2024/പൊഭവ - നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി വകുപ്പിനു കീഴിൽ പത്തനംതിട്ട ജില്ലയിൽ കുളനട സർക്കാർ മോഡൽ ഹോമിയോ ഡിസ്പെൻസറിയിൽ അറ്റൻഡർ ആയി ജോലിയിലിരിക്കെ അന്തരിച്ച ശാന്തമ്മ ജെ.-യുടെ മകൻ ശ്രീ.അഖിൽ എസ്. പരാമർശം-(3) പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം ആശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ അപേക്ഷ പരാമർശം-(4) , (5) പ്രകാരം യഥാക്രമം പത്തനംതിട്ട ജില്ലാ കളക്ടറും, ഹോമിയോപ്പതി വകുപ്പ് മേധാവിയും അപേക്ഷകന് ആശ്രിത നിയമനം നൽകുന്നതിന് ശിപാർശ ചെയ്തിരുന്നു. എന്നാൽ ഹോമിയോപ്പതി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഒഴിവില്ലാത്തതിനാൽ മറ്റേതെങ്കിലും വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ടിയാൾ സമ്മതപത്രം ലഭ്യമാക്കിയിരുന്ന സാഹചര്യത്തിൽ അത്തരത്തിൽ നിയമനം ലഭിക്കുന്നതിനായി ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പിന് നൽകിയിരുന്നു.

(2) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 7 ഒഴിവുകളിൽ ഒരെണ്ണം ശ്രീ.അഖിൽ എസ്.-ന് അനുവദിച്ച് നൽകാവുന്നതാണെന്നും, പ്രസ്തുത നിയമനത്തിനുള്ള അനുമതി ഉത്തരവ് മാതൃവകുപ്പ് നൽകുന്നതാണെന്നും പരാമർശം-(6) പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.അഖിൽ എസ്.-ന് (മഞ്ജുസദനം, തെങ്ങമനം പി.ഒ., ശൂരനാട്, പള്ളിക്കൽ, അടൂർ, പത്തനംതിട്ട-690522) പരാമർശം-(6) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.അഖിൽ എസ്.-ന് നിയമനം നൽകുന്നത് സംബന്ധിച്ച് തുടർനടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം സ്വീകരിക്കേണ്ടതാണ്.

(3) ശ്രീ.അഖിൽ എസ്-ന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി, നിയമനാധികാരി, ടിയാൾക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്ത് എടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. പരാമർശം-(2)-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു വേണം അപേക്ഷകന്റെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

(4) ശ്രീ.അഖിൽ എസ്.-ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷകൻ വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്ത് സർക്കാർ കണ്ടെത്തുകയാണെങ്കിലോ അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റു പറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

(1) പൊതുവിദ്യാഭ്യാസ വകുപ്പ് മേധാവി, തിരുവനന്തപുരം.
(2) ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
(3) ശ്രീ.അഖിൽ എസ്., മഞ്ജുസദനം, തെങ്ങമനം പി.ഒ., ശൂരനാട്, പള്ളിക്കൽ, അടൂർ, പത്തനംതിട്ട-690522. (Registered with AD)
(4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
(5) പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പ് (പരാമർശം-(6) പ്രകാരം അറിവിലേയ്ക്ക്)
(6) വിവരവും, പൊതുജനസമ്പർക്കവും (വെബ് & ന്യൂമീഡിയ) വകുപ്പ്.(പ്രസിദ്ധീകരണത്തിന്)
(7) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-02-2024 12:42:43

സെക്ഷൻ ഓഫീസർ